പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 58** **13-10-2026-ൽ മറുപടിയ്ക്ക്**

## വൈദ്യുതി നിയന്ത്രണം

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. ജി. ആർ. അനിൽ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. സി. അജയപ്രസാദ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരുന്നത് ജീവൽപ്രധാനമായ വിഷയമായി മാറിയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മുൻ വർഷങ്ങളെ അപേക്ഷിച്ച് വൈദ്യുതി ആവശ്യകതയിലും ഉപഭോഗത്തിലുമുണ്ടായ അസാധാരണമായ വർധനവും, ജലവൈദ്യുതി ഉൽപാദനത്തിലുണ്ടായ ഗണ്യമായ കുറവും, ദേശീയ വൈദ്യുതി വിപണിയിൽ അധിക വൈദ്യുതി ആവശ്യത്തിന് ലഭ്യമാകാതിരുന്നതുമാണ് 2026 ൽ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നതിന്റെ പ്രധാന കാരണങ്ങൾ.

ദീർഘകാല കരാർ വഴി വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമായിക്കൊണ്ടിരുന്ന 465 മെഗാവാട്ട് വൈദ്യുതി കരാറുകൾ റദ്ദാക്കപ്പെട്ടതും 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പിന്നീട് (2026 ജൂലൈ മുതൽ സെപ്റ്റംബർ വരെ) തിരികെ നൽകാമെന്ന വ്യവസ്ഥയിൽ (Swap Arrangement) വാങ്ങിയ വൈദ്യുതി തിരിച്ച് നൽകേണ്ട ബാധ്യതയും പ്രതി സന്ധിക്ക് കാരണമായിട്ടുണ്ട്. ദീർഘകാല കരാറുകളിൽ 465 മെഗാവാട്ട് തുടർന്നും ലഭിച്ചിരുന്ന ഏങ്കിൽ സ്വാപ്പ് അറേഞ്ച്മെന്റ് മുഖേനയുള്ള വൈദ്യുതി ഏപ്രിൽ, മെയ് മാസങ്ങളിൽ വാങ്ങുന്നത് ഒഴിവാക്കുവാൻ കഴിയുമായിരുന്നു.

കഴിഞ്ഞ പത്ത് വർഷങ്ങളിൽ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ കേരളത്തിലെ പരമാവധി വൈദ്യുതി ആവശ്യകത പൊതുവെ 3500 മുതൽ 4500 മെഗാവാട്ട് വരെയായിരുന്നു. 2025 സെപ്റ്റംബറിൽ പരമാവധി ആവശ്യകത 4480 മെഗാവാട്ട് ആയിരുന്നെങ്കിൽ, 2026 സെപ്റ്റംബറിൽ പരമാവധി വൈദ്യുതി ആവശ്യകത 5639 മെഗാ വാട്ട് വരെ ആയി ഉയർന്നിരുന്നു. കഴിഞ്ഞ പത്ത് വർഷത്തിനിടയിലെ സെപ്റ്റംബർ മാസത്തെ ഏറ്റവും ഉയർന്ന ആവശ്യകതയാണിത്.

മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് സാധാരണയായി കൈകാര്യം ചെയ്തിരുന്ന 4000-4400 മെഗാവാട്ട് ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ 1200 മെഗാവാട്ടിലധികം അധിക വൈദ്യുതിയാണ് ആവശ്യമായി വന്നത്. എന്നാൽ പത്ത് വർഷക്കാലയളവിൽ ആഭ്യന്തര ഉല്പാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല.

എന്നാൽ 2026-ൽ വൈദ്യുതി ആവശ്യകത വർദ്ധിച്ച അതേ സമയത്ത് തന്നെ വൈദ്യുതി ലഭ്യതക്കുറവ് ഉണ്ടായ സഹചര്യത്തിലാണ് പരിമിതമായ വൈദ്യുതി നിയന്ത്രണം അവസാന മാർഗ്ഗമായി

സ്വീകരിക്കേണ്ടി വന്നത്. 2026 അഗസ്റ്റ് -സെപ്റ്റംബർ മാസങ്ങളിൽ നേരിട്ടതുപോലെയുള്ള പ്രതിസന്ധി അതായത് വൈദ്യുതി ഉപഭോഗത്തിലുണ്ടായ വലിയ വർദ്ധനവും, ലഭ്യതയിലുണ്ടായ കുറവും, കഴിഞ്ഞ വർഷങ്ങളിൽ നേരിടേണ്ടി വന്നിട്ടില്ല.

**(ബി)** കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി വൈദ്യുതി മേഖലയിലെ വലിയ പ്രതിസന്ധികൾ ഒഴിവാക്കിയ സംസ്ഥാനമാണ് കേരളമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** 2017-ലും 2023-ലും ദേശീയതലത്തിൽ വൈദ്യുതി ലഭ്യതയുമായി ബന്ധപ്പെട്ട ഗുരുതര പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ; കൽക്കരി ക്ഷാമം, മഴക്കുറവ്, ജലവൈദ്യുതോൽപ്പാദനത്തിലെ കുറവ്, ചൂട് വർധിച്ചതിനെത്തുടർന്നുള്ള വൈദ്യുതി ഉപയോഗത്തിലെ കുതിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ അന്നും ഉണ്ടായിരുന്നെങ്കിലും കേരളം വൈദ്യുതി നിയന്ത്രണങ്ങളിലേക്ക് തള്ളിവിടപ്പെട്ടില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** 2017-ലും 2023 ലും ദേശീയതലത്തിൽ വൈദ്യുതി ലഭ്യതയുമായി ബന്ധപ്പെട്ട ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. സംസ്ഥാനത്തിന്റെ പരമാവധി വൈദ്യുതി ആവശ്യം അപ്പോൾ താരതമ്യേന കുറവായിരുന്നു. ഈ കാലയളവിൽ കൽക്കരി ക്ഷാമം ഉണ്ടായിരുന്നെങ്കിലും ഇറക്കുമതി ചെയ്യപ്പെട്ട കൽക്കരി ഉപയോഗിച്ചതിലൂടെ ദേശീയ തലത്തിൽ അക്കാലളവിൽ വലിയ വൈദ്യുതി പ്രതിസന്ധി ഉണ്ടായിരുന്നില്ല.

**(ഡി)** ധവളപത്രത്തിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര നയങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

**മറുപടി:** 2026-ൽ പുറത്തിറക്കിയ ധവളപത്രത്തിൽ സംസ്ഥാനത്തെ വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. നിലവിൽ പിന്തുടർന്നുവരുന്ന നയങ്ങൾക്ക് അനുസൃതമായി വൈദ്യുതി ഉൽപാദന മേഖലയുടെ വളർച്ചയ്ക്കായി പൊതുമേഖലാ മൂലധനത്തോടൊപ്പം സ്വകാര്യ മേഖലയുടെ നിക്ഷേപവും ആവശ്യമാണ് എന്നതാണ് ധവളപത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്.

അതേസമയം, കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന അധിക കടമെടുപ്പ് പരിധിയുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ കരട് മാനദണ്ഡങ്ങളിൽ, സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി സ്ഥാപനങ്ങളുടെ ഓഹരി സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യണമെന്ന നിബന്ധന ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത നിബന്ധന സംസ്ഥാനത്തിന് സ്വീകാര്യമല്ലെന്നും അത് ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**(ഇ)** കൂടുതൽ വൈദ്യുതി വാങ്ങാനുള്ള ടെൻഡറുകൾ സ്റ്റാൻഡിങ് കമ്മിറ്റിയും ഉന്നത ഉദ്യോഗസ്ഥരുടെ കോർ കമ്മിറ്റിയും അംഗീകരിച്ചിരുന്നുവെങ്കിലും അനുമതിക്കായി കമ്മിഷന് അപേക്ഷ നൽകിയത് 14 ദിവസം കഴിഞ്ഞാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വൈദ്യുതിനിയന്ത്രണം നിലനിൽക്കേ ഇത്രയും വൈകിയത് അംഗീകരിക്കാനാവില്ലെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** 2026 വർഷത്തിൽ കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടായ മഴക്കുറവും അത്യുഷ്ണവും മൂലം ഉണ്ടായ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാനായി 07.05.2026 ന ക്ഷണിച്ച ഹ്രസ്വകാല ടെൻഡർ പ്രകാരം വൈദ്യുതി ലഭ്യമാക്കാനുള്ള തുടർ നടപടികൾ സ്റ്റാൻഡിങ് കമ്മിറ്റിയും

ഉന്നത ഉദ്യോഗസ്ഥരുടെ കോർ കമ്മിറ്റിയും അംഗീകരിച്ചിരുന്നു. ടെൻഡറിൽ ഏറ്റവും കുറഞ്ഞ നിരക്ക് (L1) ലഭിച്ചതിനു ശേഷം, അതേ നിരക്കിൽ ടെൻഡറിൽ പങ്കെടുത്ത മറ്റ് ജനറേറ്റർമാരിൽ (L2, L3 etc) നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയും ജനറേറ്റർമാരുമായി നിരക്ക് കുറയ്ക്കുന്നതിനുള്ള അന്വേഷണം നടത്തുകയും ചെയ്യുന്നതിനാണ് സമയം വിനിയോഗിച്ചത്. ഇത് മൂലം കരാർ പ്രകാരമുള്ള വൈദ്യുതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാൻ കഴിഞ്ഞാൽ വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവും തദ്വാര കെ.എസ്.ഇ.ബി.എൽ-ന്റെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് മേലുള്ള താരിഫ് വർധന പരമാവധി നിയന്ത്രിക്കുവാനും സാധിക്കും.

**സെക്ഷൻ ഓഫീസർ**